# ഗുജറാത്തുകൾ ഉണ്ടാകുന്നത്

നമ്മുടെ രാഷ്ട്രശരീരത്തിന്റെ വിവിധഭാഗങ്ങളിലും ഗുജറാത്തിൽ പ്രത്യേകിച്ചും രൂപം കൊണ്ടിട്ടുള്ള വർഗ്ഗീയസംഘർഷങ്ങളും തൽഫലമായുണ്ടാകുന്ന കൂട്ടക്കുരുതികളും സമൂഹമനഃസാക്ഷിക്ക് മുമ്പിൽ വലിയൊരു ചോദ്യചിഹ്നമായി മാറുകയാണ്. ഇത്തരമൊരു സാഹചര്യത്തിന് പശ്ചാത്തലമൊരുക്കുന്ന ഘടകങ്ങൾ നിരവധിയാണ്.

ഒരു സുഹൃത്ത് പറഞ്ഞ അനുഭവം ഓർക്കുകയാണ്. ഒരു ഇരുമ്പഴിക്കൂട്ടിൽ കുറേ എലികളെ ബന്ധിച്ചതിനുശേഷം ആ കൂടിനുള്ളിലേക്ക് വൈദ്യുതി ചെറിയ തോതിൽ കടത്തിവിടുക. കൂടിനുള്ളിലെ എലികൾ പരസ്പരം ശണ്ഠകൂടും, ഏതാനും നിമിഷങ്ങൾക്കകം അവയിൽ പലതും ചത്തുവീഴുകയും ചെയ്യും. വൈദ്യുതിപ്രവാഹം മൂലമല്ല അവ ചത്തൊടുങ്ങുന്നത്, മറിച്ച് തന്റെ കൂടെ കഴിയുന്ന എലിയാണ് കൂടിനുള്ളിലെ അസ്വസ്ഥതയ്ക്ക് കാരണമെന്ന് പരസ്പരം കരുതി കടിച്ചുകീറുന്നതുകൊണ്ടാണ്.

നേരത്തെ സൂചിപ്പിച്ച അവസ്ഥതന്നെയാണ് വർഗ്ഗീയ സംഘർഷങ്ങളിൽ പങ്കെടുക്കുന്നവരുടെ മനോനിലയും. ആരൊക്കെയോ തങ്ങളെക്കൊണ്ട് നികൃഷ്ടമായത് പലതും ചെയ്യിപ്പിക്കുകയാണെന്ന് തിരിച്ചറിയാൻ പാവപ്പെട്ട ജനങ്ങൾക്ക് കഴിയാതെ പോകുന്നു. ഈ ദൗർബല്യം ശരിക്കുമുൾക്കൊണ്ട രാഷ്ട്രീയനേതൃത്വങ്ങൾ അധികാരം നേടാനും നിലനിർത്താനും 'ഗുജറാത്തുകൾ'സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. 1991 വരെ സ്വാതന്ത്ര്യാനന്തരഭാരതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നേതൃത്വം നൽകിയ രാഷ്ട്രീയ പാർട്ടികൾ ഒട്ടനവധി വാഗ്ദാനങ്ങൾ ജനങ്ങൾക്ക് മുമ്പിൽ വാരിവിതറുകയുണ്ടായി. ഈ വാഗ്ദാനങ്ങളിൽ മുക്കാലേ മുണ്ടാണിയും വെറും ജലരേഖകളാണെങ്കിലും ജനങ്ങളിൽ പ്രതീക്ഷ ഉണർത്താനെങ്കിലും പ്രസ്തുത വാഗ്ദാനക്കാരികൾക്ക് കഴിഞ്ഞു.

91ൽ തുടക്കം കുറിച്ച ആഗോളവൽക്കരണ ഉദാരവൽക്കരണ നയപരിപാടികളുടെ പരിണിതഫലമായി രാഷ്ട്രീയ സാമ്പത്തിക പരമാധികാരം നഷ്ടപ്പെട്ട നൂറുകണക്കിന് മൂന്നാംലോകരാഷ്ട്രങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയും ഉൾപ്പെട്ടു. ലോകബാങ്കിന്റേയും അന്താരാഷ്ട്രനാണയനിധിയുടേയും പാദസേവകരായി മാറിയ നമ്മുടെ രാഷ്ട്രീയ യജമാനന്മാർക്ക് പാർശ്വവൽക്കരിക്കപ്പെട്ട ജനലക്ഷങ്ങൾക്ക് വേണ്ടി ഒരു പ്രഖ്യാപനം പോലും ഇനി നടത്താനാവില്ലെന്നതാണ് സത്യം. വോട്ടുബാങ്ക് നിലനിർത്താൻ ഇനിയുള്ള നാളുകളിൽ പയറ്റാവുന്ന തന്ത്രങ്ങളിലൊന്നാണ് ഇപ്പോൾ അവർ പരീക്ഷിക്കുന്നത്. ഗുജറാത്ത് മാതൃകയിലുള്ള വർഗ്ഗീയാസ്വാസ്ഥ്യങ്ങൾ തുടർന്നും നിർലോപം പ്രതീക്ഷിക്കാമെന്ന് സാരം.

*ബിന്ദു. സി. ജെ*
*പറപ്പൂർ, തൃശൂർ*

**കത്തുകൾ – അറിയിപ്പുകൾ**
**കേരളീയം, തൃശൂർ – 21**

## വനിതാകമ്മീഷൻ ചരിത്രം ആവർത്തിക്കുന്നു

പുരുഷാധിപത്യത്തിന്റെ ഉപകരണങ്ങളായ സ്ത്രീവർഗ്ഗം എന്നും പുരുഷനാൽ നിയന്ത്രിക്കപ്പെടേണ്ടവരാണ് എന്ന ചിന്തയുടെ ദൃഷ്ടാന്തമാണ് പുരുഷവർഗ്ഗത്തിന്റെ സൗകര്യാർത്ഥം വനിതാകമ്മീഷൻ പിരിച്ചുവിടുകയും(രാഷ്ട്രീയ തത്പരമായി) പേരിനുമാത്രം പുതിയ കമ്മീഷനെ നിയമിക്കുകയും ചെയ്തത്. കക്ഷി രാഷ്ട്രീയമല്ല മറിച്ച് ആൺവർഗ്ഗമാണ് എല്ലാ നിയമങ്ങളും ഉണ്ടാക്കുന്നതും നടപ്പാക്കുന്നതും. ഇവിടെ സ്ത്രീവർഗ്ഗം എന്നും വെറും പാവങ്ങൾ മാത്രമാണ്; ശബ്ദമില്ലാത്ത ഇരകൾ. ചരിത്രം ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

*ചേതന, തൃശൂർ*

## വി.എം. ഗിരിജയുടെ വേറിട്ട ചിന്തയോട്

നാട്ടിലെ വിളവെടുപ്പിനുശേഷം പ്രാദേശിക ഉൽപ്പന്നങ്ങൾ കൈമാറാനുള്ള സ്വയം പര്യാപ്തമായ വിപണിയും(ആനയേയും സ്ത്രീയേയും ചൂഷണം ചെയ്യാത്ത) പരിസ്ഥിതിക്ക് ദോഷമാകാത്ത ജനകീയാഘോഷങ്ങളും നമുക്കുണ്ടായിരുന്നു. മുടിയാട്ടം, കാളകളി തുടങ്ങിയ ദളിത്-സ്ത്രീ വിഭാഗങ്ങളുടെ കലകൾ അന്യം നിന്നുപോകുന്നു. പകരം സവർണ്ണരും ആണുങ്ങളും കുത്തകവൽക്കരിക്കുന്ന വെടിക്കെട്ടും ആനപ്പൂരവുമാണ് പ്രധാന ആഘോഷങ്ങൾ.

ഉത്സവപ്പറമ്പുകളിലെ തിങ്ങിനിറയുന്ന പുരുഷാരങ്ങൾക്കിടയിൽ സ്ത്രീ വർഗ്ഗമില്ല, പുരുഷാരം എന്നത് പുരുഷവർഗ്ഗം എന്നതാണല്ലോ. സംഘാടകരിലും കാണികളിലും വാദ്യക്കാരിലും അവരില്ല. ഉത്സവപ്പറമ്പുകളിൽ സ്ത്രീ ഒരേസമയം(നയനമനോഹരമായ കാഴ്ചയും) ഭോഗവസ്തുവും ഉപഭോക്താവുമാണ്. (വീട്ടുസാധനങ്ങളും ആഭരണങ്ങളും വാങ്ങുന്നവർ)

ഞങ്ങളുടെ നാട്ടിൻപുറങ്ങളിൽ അടുത്ത ക്ഷേത്രത്തിലെ ആഘോഷങ്ങൾ വന്നാൽ വീട്ടിൽ വിരുന്നുകാരുണ്ടാകും. ആണുങ്ങൾ ഉത്സവപ്പറമ്പുകളിൽ മുറുകിവരുന്ന താളമേളങ്ങൾക്കൊപ്പം ആടിത്തിമർക്കുമ്പോൾ സ്ത്രീ അടുക്കളയിൽ വിരുന്നുകാരുക്കുന്ന അടുപ്പുകളിൽ വേവുകയായിരിക്കും.

എന്നും ഉത്സവങ്ങളുടെ ദോഷങ്ങൾ ഏറ്റുവാങ്ങുന്നത് സ്ത്രീയാണ്.

ശബ്ദം നഷ്ടപ്പെട്ടവരും

*ഒ.ഒ, കാരാഞ്ചിറ*

## മന്ത്രീ, ആ മരണത്തിൽ നിങ്ങളും കുറ്റവാളി

ഏറ്റവും അവസാനമായി ചികിത്സാ കച്ചവടത്തിൽ ഒരു കോൺഗ്രസ്സ് നേതാവു കൂടി ഇരയായി. അനുയായികൾ ആശുപത്രി തകർത്ത് അവരുടെ പ്രതിഷേധം തീർക്കുന്നു. പോലീസ് മരണാനന്തര കർമ്മങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു.

കച്ചവടലാക്കോടെ നടത്തുന്ന ചികിത്സാ ഇടപെടലുകളിൽ അറിയപ്പെടാത്ത മുരളിമാർ ഓരോ ദിവസവും മലപ്പുറത്തും പെരിന്തൽമണ്ണയിലും തിരൂരിലും കാസർകോട്ടും പാലക്കാട്ടും കണ്ണൂരുമായി ഇരകളായിക്കൊണ്ടിരിക്കുന്നു.

പൗരന്റെ ജീവൻ സംരക്ഷിക്കുന്ന സ്ഥലമാണ് ആശുപത്രികളെങ്കിലും തെറ്റായ കച്ചവടലക്ഷ്യത്തോടെ നടത്തുന്ന ഇടപെടലുകൾ ജീവനു ഹാനികൂടി വരുത്തുന്നു. ഇത്തരം സ്ഥാപനങ്ങളിൽ എന്തു നടക്കുന്നു, എന്തു ചികിത്സാ ഇടപെടലുകൾ, എന്തു പരീക്ഷണം തുടങ്ങിയ കാര്യങ്ങൾ നിരീക്ഷിക്കാനോ നിയന്ത്രിക്കാനോ ഒരു സർക്കാരിന് ബാധ്യതയുണ്ട്. പൗരന്റെ ജീവൻ സംരക്ഷിക്കേണ്ടത് സ്റ്റേറ്റിന്റെ ബാധ്യതയാണെന്ന് തിരിച്ചറിഞ്ഞ് ഉത്തരവാദിത്തത്തോടെ ഇടപെടാത്തത് കുറ്റകരമാണ്, ഓപ്പറേഷനു ശേഷം അവഗണിക്കുന്നതു പോലെ. അതെ, ഈ മരണത്തിൽ ഡോക്ടർമാർക്കൊപ്പം ആന്റണിയും ശങ്കരനും പ്രതിയാണ്.

**ആശുപത്രികളുടെ ഇരകൾ കോഴിക്കോട് ഒത്തുചേരുന്നു**

വിവരങ്ങൾക്ക് : കളം രാജൻ, കോട്ടക്കൽ 0493-743021